<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3951</u> <u>09-10-2025 - ൽ മറുപടിയ്ക്ക്</u>

<u>മൃഗങ്ങളുടെ സെൻസസ്</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. എൽദോസ് പി.<br>കുന്നപ്പിള്ളിൽ</th><th colspan="2">ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് മൃഗങ്ങളുടെ സെൻസസ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പൂർത്തിയാക്കിയത്; കന്നുകാലി സെൻസസ് സംബന്ധിച്ച വിവരങ്ങൾ നേരത്തേ പ്രസിദ്ധീകരിച്ചിരുന്നോ; വിശദമാക്കുമോ;</td><td>(എ)</td><td>സംസ്ഥാനത്ത് ഇരുപത്തിയൊന്നാം ലൈവ്സ്റ്റോക്ക് സെൻസസിന്റെ ഫീൽഡ്തല പ്രവർത്തനങ്ങൾ 2025 ഏപ്രിൽ 15 ന് പൂർത്തിയാക്കി. ഇരുപത്തിയൊന്നാം ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം ശേഖരിച്ച വിവരങ്ങൾ കേന്ദ്ര സർക്കാർ പോർട്ടലിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് കേന്ദ്ര സർക്കാരാണ്.</td></tr>
<tr><td>(ബി)</td><td>മൃഗങ്ങളുടെ സെൻസസിന്റെ ഭാഗമായി വളർത്തുനായ്ക്കളുടെയും തെരുവുനായ്ക്കളുടെയും എണ്ണം ശേഖരിച്ചിരുന്നോ; എത്ര വളർത്തുനായ്ക്കളും തെരുവുനായ്ക്കളുമാണ് സംസ്ഥാനത്തുള്ളത്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;</td><td>(ബി)</td><td>ജില്ലാതലത്തിൽ വളർത്തു നായ്ക്കളുടെയും തെരുവ് നായ്ക്കളുടെയും എണ്ണം ശേഖരിച്ചിട്ടുണ്ട് . ആയത് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടില്ല.</td></tr>
<tr><td>(സി)</td><td>സെൻസസ് പ്രവർത്തനങ്ങൾക്ക് ഏതൊക്കെ തസ്തികയിലുള്ള ജീവനക്കാരെയാണ് നിയോഗിച്ചത്; എത്ര പേരെ വീതമാണ് സംസ്ഥാന, ജില്ലാ തലങ്ങളിൽ നിയോഗിച്ചത്; തെരുവുനായ്ക്കളുടെ</td><td>(സി)</td><td><table>
<tr><td>ഫീൽഡ് തലം</td><td>എന്യൂമറേറ്റർ</td><td>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ,എ-ഹെല്പ് ,പശുസഖി പ്രവർത്തകർ</td><td>2670</td></tr>
<tr><td>ഫീൽഡ് തലം</td><td>സൂപ്പർവൈസർ</td><td>വെറ്ററിനറി സർജൻ</td><td>534</td></tr>
<tr><td>ജില്ലാ തലം</td><td>ജില്ലാ നോഡൽ ഓഫീസർ</td><td>മൃഗസംരക്ഷണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർ</td><td>14</td></tr>
</table></td></tr>
</table>

<table>
<tr>
<td></td>
<td>കണക്കെടുപ്പ് നടത്തുന്ന രീതി എങ്ങനെയാണ്; ഇതിന് രാജ്യവ്യാപകമായി അംഗീകരിച്ച മാനദണ്ഡം ഉണ്ടോ; വിശദമാക്കുമോ;</td>
<td></td>
<td>
<table>
<tr><td>സംസ്ഥാന തലം</td><td>സംസ്ഥാന നോഡൽ ഓഫീസർ</td><td>ജോയിന്റ് ഡയറക്ടർ സ്റ്റാറ്റിസ്റ്റിക്സ്</td><td>1</td></tr>
</table>
കന്നുകാലി സെൻസസ് മാർഗ്ഗനിർദ്ദേശമനുസരിച്ച് ഉടമസ്ഥനോ അഭയസ്ഥാനങ്ങളോ ഇല്ലാതെ തെരുവിലും പൊതുസ്ഥലങ്ങളിലും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെയാണ് തെരുവ് നായ്ക്കളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്.
ഓരോ വാർഡിലെയും മെമ്പർമാർ, മറ്റ് വ്യക്തികൾ എന്നിവരുടെ നിർദ്ദേശാനുസരണം തെരുവ് നായ്ക്കൾ കൂടുതൽ കാണപ്പെടുന്ന സ്ഥലങ്ങൾ അവയെ കാണപ്പെടാൻ സാധ്യതയുള്ള സമയത്ത് സന്ദർശിച്ചാണ് കണക്കെടുപ്പ് നടത്തുന്നത്.
</td>
</tr>
<tr>
<td>(ഡി)</td>
<td>ഇതിനു മുൻപ് കന്നുകാലികളുടെയും തെരുവ്/വളർത്തു നായ്ക്കളുടെയും സെൻസസ് നടത്തിയത് എന്നാണ്; അത് പ്രകാരമുള്ള കണക്കുകൾ ലഭ്യമാക്കാമോ?</td>
<td>(ഡി)</td>
<td>
2019 ലെ ഇരുപതാം കന്നുകാലി സെൻസസ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>കന്നുകാലികളുടെ എണ്ണം</td><td>2908657</td></tr>
<tr><td>തെരുവ് നായ്ക്കളുടെ എണ്ണം</td><td>289986</td></tr>
<tr><td>വളർത്തു നായ്ക്കളുടെ എണ്ണം</td><td>836275</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ